(ഈ) കോഴിക്കോട്, വയനാട് ജില്ലയിൽ ഏതെല്ലാം ആശുപത്രികളെയാണ് ഈ ലിസ്റ്റിൽപ്പെടുത്തിയിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ) 69.05 കോടി രൂപയുടെ പദ്ധതി നിർദ്ദേശങ്ങളാണ് നബാർഡിൽ സമർപ്പിച്ചത്.

(ബി) ആസൂത്രണവും സാമ്പത്തികകാര്യവും വകുപ്പ്, ധനകാര്യവകുപ്പ്, നബാർഡ് എന്നീ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ച് ധനസഹായം ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾക്കായി ആരോഗ്യവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ ഒരു സ്പെഷ്യൽ ഓഫീസറെ നിയമിച്ചു.

(സി) പദ്ധതി നിർദ്ദേശത്തിൻമേലുള്ള നബാർഡിന്റെ അംഗീകാരം ഇതുവരെ സർക്കാരിന് ലഭിച്ചിട്ടില്ല.

(ഡി) & (ഇ) നബാർഡിന്റെ അനുമതി ഇതുവരെ ലഭിക്കാത്ത സ്ഥിതിക്ക് ചോദ്യമുദിക്കുന്നില്ല.

വിവിധ പദ്ധതികളുടെ പേരിൽ ആരോഗ്യവകുപ്പിനുള്ള ധനസഹായം

128 [1655] ശ്രീമതി മേഴ്സി രവി:
ശ്രീ. കെ. ബാബു:
,, കെ. അച്ചുതൻ:
ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ പദ്ധതികളുടെ പേരിൽ കേന്ദ്രഗവൺമെന്റോ, വിദേശ ഗവൺമെന്റുകളോ, സ്ഥാപനങ്ങളോ, ഐക്യരാഷ്ട്ര സംഘടനയോ അതിന്റെ ഏജൻസികളോ സംസ്ഥാന ഗവൺമെന്റിനോ ആരോഗ്യവകുപ്പിനോ സാമ്പത്തിക സഹായം നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം പദ്ധതികളുടെ പേരിൽ എവിടെ നിന്നെല്ലാം ഈ വർഷം എത്ര തുക വീതം ലഭിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(സി) അതിൽ എന്തു തുക വീതം ഇതുവരെ ചെലവഴിച്ചു;

(ഡി) ഈ ഇനത്തിൽ കഴിഞ്ഞ രണ്ട് വർഷങ്ങളിൽ കിട്ടിയ തുക ലാപ്സായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രവീതം എന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഭരണനവീകരണ പരിപാടി, സമഗ്ര ജനവികസന പരിപാടി, പുതുക്കിയ ക്ഷയരോഗ നിയന്ത്രണ പരിപാടി, നാഷണൽ എയ്ഡ്സ് കൺട്രോൾ പ്രോഗ്രാം, ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതി, പ്രജനന ശിശു ആരോഗ്യ പദ്ധതി എന്നിവയ്ക്കാണ് കേന്ദ്ര ഗവൺമെന്റ് മുഖേന സംസ്ഥാനത്തിന് സാമ്പത്തിക സഹായം കിട്ടുന്നത്.

(ബി) ഈ വർഷം ലഭിച്ച തുകയുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

(1) ഭരണനവീകരണ പദ്ധതിക്കുവേണ്ടി 15 കോടി 34 ലക്ഷം രൂപ ഏഷ്യൻ ഡവലപ്മെന്റ് ബാങ്കിൽ നിന്നും

(2) സമഗ്ര ജനവികസന പരിപാടിക്കുവേണ്ടി യു.എൻ.എഫ്.പി.എ.യിൽ നിന്നും 50 ലക്ഷം രൂപയും

(3) ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിക്കുവേണ്ടി ലോകാരോഗ്യ സംഘടനയിൽ നിന്നും 91,000 രൂപയും

(4) പ്രജനന ശിശു ആരോഗ്യ പദ്ധതിക്കുവേണ്ടി 1 കോടി 54 ലക്ഷം രൂപയും

(5) പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതിക്കുവേണ്ടി 162 ലക്ഷം രൂപയും

(6) യൂറോപ്യൻ കമ്മീഷൻ സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമിനുവേണ്ടി 6 കോടി രൂപയും

(7) മെഡിക്കൽ കോളേജുകളിലെ മാനസിക രോഗ ചികിൽസാ വകുപ്പുകൾ നവീകരിക്കുന്നതിന് 37 ലക്ഷം രൂപയും ഓങ്കോളജി വിഭാഗം വിപുലപ്പെടുത്തുന്നതിനായി 2.20 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

(സി) ഭരണ നവീകരണ പരിപാടിക്കുവേണ്ടി 99 ലക്ഷം രൂപയും സമഗ്ര ജനവികസന പരിപാടിക്ക് 55,87,000 രൂപയും പുതുക്കിയ ദേശീയ ക്ഷയരോഗ നിയന്ത്രണ പരിപാടിക്കുവേണ്ടി 130 ലക്ഷം രൂപയും എയ്ഡ്സ് നിയന്ത്രണ പദ്ധതിക്കുവേണ്ടി 503.62 കോടി രൂപയും പ്രജനന ശിശു ആരോഗ്യ പദ്ധതിക്കുവേണ്ടി 98,32,000 രൂപയും ദേശീയ കുഷ്ഠരോഗ നിർമ്മാർജ്ജന പദ്ധതിക്കുവേണ്ടി 86,334 രൂപയും, യൂറോപ്യൻ കമ്മീഷൻ സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമിനുവേണ്ടി 1.84 കോടി രൂപയും ഈ വർഷം ഇതുവരെ ചെലവഴിച്ചിട്ടുണ്ട്.

(ഡി) തുകയൊന്നും ലാപ്സായിട്ടില്ല. ചിലവാകാതെ ബാക്കിവരുന്ന തുക അടുത്ത വർഷം ഉപയോഗിക്കുന്നുണ്ട്. എന്നാൽ ഭരണ നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി സോഷ്യൽ ഓഡിറ്റിന് ലഭിച്ച 200 ലക്ഷം രൂപയും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ സേവനനിലവാരം മെച്ചപ്പെടുത്തുന്നതിന് ലഭിച്ച 1500 ലക്ഷം രൂപയും സിറ്റിസൺ ചാർട്ടറിന് ലഭിച്ച 113 ലക്ഷം രൂപയും സറണ്ടർ ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly